**No. 134/2018**

## സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

"...ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകുവിൻ" എന്നു ശിഷ്യഗണങ്ങളോടു കൽപ്പിച്ച നമ്മുടെ കർത്താവിന്റെ കൽപ്പന അർത്ഥപൂർണ്ണമായി നിറവേറ്റുവാനുള്ള ഉത്തരവാദിത്തം പ. സഭയ്ക്കുണ്ട്; ഇത് നാമോരോരുത്തരുടെയും കർത്തവ്യമാണ് എന്ന് ഓർമ്മിപ്പിക്കട്ടെ. ക്രിസ്തീയ സാക്ഷ്യ നിർവ്വഹണത്തിന്റെ ഭാഗമായി കുഷ്ഠരോഗികൾ, എയ്ഡ്സ് രോഗികൾ, അവരുടെ മക്കൾ, കാൻസർ രോഗികകൾ, അനാഥർ, ആലംബഹീനർ, വൃദ്ധർ, സമൂഹത്തിൽ നിന്ന് പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങി നാനാവിധത്തിൽ ക്ലേശിക്കുന്നവർക്ക് സാന്ത്വനസ്പർശമായി അനേക മിഷൻ പ്രവർത്തനങ്ങൾ പരിശുദ്ധ സഭയുടെ ചുമതലയിൽ നടത്തിവരുന്നു. നെയ്യാറ്റിൻകര, കോട്ടയം-വെള്ളൂർ, യാച്ചാരം, പൂനെ-ദേഹൂറോഡ്, കലഹണ്ടി, ഇറ്റാർസി, ഭിലായ്, മക്കോഡിയ, കർണ്ണാടകയിലെ കുണിഗൽ തുടങ്ങി കേരളത്തിനകത്തും പുറത്തുമായി പ്രവർത്തിക്കുന്ന അനേക മിഷൻ പ്രസ്ഥാനങ്ങൾ അനുഗ്രഹകരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആൻഡമാൻസ് മിഷൻ കേന്ദ്രത്തിന്റെ പണി പൂർത്തിയായി പ്രവർത്തനങ്ങൾ ആരംഭിച്ചു. വെള്ളൂർ വികലാംഗഭവനത്തിന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. മാവേലിക്കര മിഷൻ സെന്ററിൽ 19-ാം ബാച്ച് ഡിപ്ലോമാ കോഴ്സ് നടന്നുകൊണ്ടിരിക്കുന്നു. 2019ൽ ആരംഭിക്കുന്ന 20-ാം ബാച്ചിലേക്ക് +2 വിദ്യാഭ്യാസമുള്ളവരെ കണ്ടെത്തി അയയ്ക്കാൻ താൽപര്യപ്പെടുന്നു. സഭയിലെ എല്ലാ ഇടവകകളിലും സുവിശേഷസംഘത്തിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലപ്പെടുത്തുകയും ബാഹ്യവും ആഭ്യന്തരവുമായ സുവിശേഷ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്യണം.

വീണ്ടും പ്രിയരെ, മിഷൻ സൺഡേ പിരിവിനത്തിൽ കഴിഞ്ഞവർഷം 96,89,820.64 രൂപാ ലഭിച്ചത് ക്രിസ്തീയ ദൗത്യനിർവ്വഹണത്തിന് വൈദീകർ നൽകുന്ന പ്രോത്സാഹനവും ദൈവമക്കളുടെ മിഷൻ താൽപര്യവുമാണ് കാണിക്കുന്നത്. ആയതിൽ നാം ഏവരേയും അഭിനന്ദിക്കുന്നു. ഈ വർഷത്തെ മിഷൻസൺഡേ 2018 ജൂലൈ മാസം 8-ാം തീയതിയാണ്. പ. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർപിരിവിൽ മുൻവർഷത്തേക്കാൾ അധികമായി ഏവരും സഹകരിക്കുകയും ചെയ്യണം. കഴിഞ്ഞ വർഷത്തെ കവർപിരിവ് നല്കാത്ത പള്ളികൾ അതുകൂടെ അയച്ചുകൊടുക്കണം. മിഷൻ സൺഡേ പിരിവിനത്തിൽ ലഭിക്കുന്ന തുക ഇടവകയുടെ വരുമാനത്തോട് ചേർക്കുവാൻ അനുവാദമില്ലാത്തതാകുന്നു. ലഭിക്കുന്ന പിരിവുതുക മുഴുവനായും പല പള്ളികളും അയച്ചുകൊടുക്കുന്നില്ല എന്ന വസ്തുത നമ്മുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അത് ദൈവനീതിക്കെതിരായ പാപമാണെന്ന് തിരിച്ചറിയണം. കവർ പിരിവും മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ പേർക്ക്; **സെന്റ് പോൾസ് മിഷൻ സെന്റർ, തട്ടാരമ്പലം പി.ഒ. 690103, മാവേലിക്കര** എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2018 മെയ് മാസം 16 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**